പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെ കാര്യാലയം
ഹയർ സെക്കൻററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

ICT Cell/1771/1/HSE/2020 30 th July 2020

# സർക്കുലർ

**വിഷയം: ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് വിവരങ്ങളെ സംബന്ധിച്ചുള്ള സ്പഷ്ടീകരണം**

**ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായുള്ള** ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ സർട്ടിഫിക്കറ്റ് വിവരങ്ങൾ സമർപ്പിക്കുന്നതിനെ സംബന്ധിച്ച് അപേക്ഷകർക്ക് അവ്യക്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

1. **യോഗ്യതാസർട്ടിഫിക്കറ്റിൻറിൻെറ സർട്ടിഫിക്കറ്റ് നമ്പറായി പരീക്ഷാ രജിസ്റ്റർ നമ്പർ/റോൾ നമ്പർ നൽകുക. സർട്ടിഫിക്കറ്റ് നൽകിയ തീയതിയായി ഫലപ്രഖ്യാപനതീയതിയും സർട്ടിഫിക്കറ്റ് നൽകിയ അധികാരിയായി പരീക്ഷാബോർഡിൻെറ പേരും നൽകിയാൽ മതി.**

2. **ടൈബ്രേക്കിങ്ങിന് പരിഗണിക്കുന്ന Extra Curricular Activities , Co-Curricular Activities എന്നിവയിലുള്ള മികവ്/പങ്കാളിത്ത സർട്ടിഫിക്കറ്റുകളിൽ പ്രത്യേക "സർട്ടിഫിക്കറ്റ് നമ്പർ " രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അതിനുപകരമായി എന്തുതരം സർട്ടിഫിക്കറ്റെന്നുള്ള ലഘുവിവരണം രേഖപ്പെടുത്തിയാൽ മതി. ഉദാഹരണത്തിന് സ്കൂൾതല സയൻസ് ക്ലബ് പ്രവർത്തനത്തിന് സ്കൂൾ പ്രഥമാദ്ധ്യാപകൻ നൽകിയ സർട്ടിഫിക്കറ്റിൽ നമ്പർ ഇല്ലെങ്കിൽ അതിനുപകരമായി "Science Club Certificate" എന്നു രേഖപ്പെടുത്തിയാൽ മതി.. സർട്ടിഫിക്കറ്റ് നൽകിയ തീയതി രേഖപ്പെടുത്തിയ ശേഷം സർട്ടിഫിക്കറ്റ് നൽകിയ അധികാരിയുടെ സ്ഥാനത്ത് "HM, SchoolName" എന്നും രേഖപ്പെടുത്തണം.**

**ഇൻറർനെറ്റ്/വൈദ്യുതി തകരാർ മൂലം അപേക്ഷാസമർപ്പണം ഭാഗികമായി ചെയ്തവർ** APPLY ONLINE-SWS എന്ന ലിങ്കിലൂടെ ആദ്യത്തേതുപോലെ അപേക്ഷാസമർപ്പണം പുനരാരംഭിക്കാവുന്നതാണ്.

**അപേക്ഷാസമർപ്പണം പൂർത്തീകരിച്ചതിനുശേഷം** അപേക്ഷയിൽ കണ്ടെത്തുന്ന തെറ്റുകൾ തിരുത്തുന്നതിനും കൂടുതൽ ഓപ്ഷനുകൾ ഉൾപ്പെടുത്തുന്നതിനുമുള്ള അവസരം ട്രയൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷം നൽകുന്നതായിരിക്കും. ട്രയൽ അലോട്ട്മെൻറ് മുതലുള്ള തുടർപ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള ക്യാൻഡിഡേറ്റ് ലോഗിൻ മൊബൈൽ ഒ.റ്റി.പി സംവിധാനത്തിൽ രൂപീകരിക്കുന്നതിനുള്ള സൗകര്യം 2020 ആഗസ്റ്റ് 10 മുതൽ ലഭ്യമാക്കുന്നതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**